നേർക്കാഴ്ച – 13

# ഭവന പ്രാർത്ഥനകൾ അന്യമാകുന്ന ക്രിസ്തീയ കുടുംബങ്ങൾ



ഫിന്നി കാഞ്ഞങ്ങാട്
finnykanhangad@gmail.com



**ഒരു കാര്യം ഓർക്കുക – കുടുംബ പ്രാർത്ഥനകൾ ഉയർന്നു കേട്ടിട്ടുള്ള കുടുംബങ്ങളിലെ തലമുറകൾ ആത്മീയ ജീവിതത്തിലും ഭാവി ജീവിതത്തിലും വളർച്ച നേടിയെടുത്തിട്ടുണ്ട്.**

ദൈവത്തിനും ദൈവികതയ്ക്കും സ്ഥാനം കൊടുക്കുകയും പ്രാർത്ഥനയും ദൈവഭക്തിയും ജീവിതത്തിൽ സ്ഥാനം കൊടുത്തു ജീവിച്ച ഒരു തലമുറ നമുക്ക് പിന്നിൽ ഉണ്ടായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. ഇന്ന് അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്ക് പിന്നിൽ ആ പ്രാർത്ഥനയും കണ്ണീരുമായിരുന്ന എന്ന് മറന്ന് പോകുന്ന തലമുറയാണ് ഇന്നത്തേത് എന്നത് ദുഃഖസത്യമാണ്.

ചോർന്നൊലിക്കുന്ന ഓലപ്പുരയ്ക്ക് കീഴിലിരുന്ന് ചാണകം മെഴുകിയ തറയിൽ ദ്രവിച്ചു തീർന്ന പായയിലിരുന്നു വെറും വയറ്റിൽ കഠിനവിശപ്പു പോലും അവഗണിച്ച് കണ്ണിൽ നിന്നും ഒഴുകിയ കണ്ണുനീരും പ്രാർത്ഥനകളും വരും തലമുറയുടെ അനുഗ്രഹത്തിന്റെയും ഉയർച്ചയുടെയും വളർച്ചയ്ക്കായി സമർപ്പിക്കപ്പെട്ടവയായിരുന്നു എന്നുള്ളത് ദൈവവിശ്വാസികളായ പൂർവ്വപിതാക്കന്മാരുടെ അനുഭവങ്ങളായിരുന്നു. എന്നാൽ പാട്ടിന്റെയും പ്രാർത്ഥനയുടെയും ശബ്ദം കേൾക്കേണ്ടുന്ന ഭവനങ്ങളിൽ ഇന്ന് മുഴങ്ങുന്നത് സ്റ്റാർസിംഗറിന്റെയും സീരിയലുകളുടെയും നിലയ്ക്കാത്ത പ്രതിധ്വനികൾ മാത്രമാണ്. പവ്വർകട്ടിന്റെ സമയം വേദപുസ്തകം പൊടിതട്ടിയെടുത്ത് 'ആർക്കോ വേണ്ടി' കാട്ടിക്കൂട്ടുന്ന പ്രാർത്ഥനകൾക്ക് മേൽകൂരയിൽതട്ടി തിരിച്ചു വരുവാനുള്ള ശക്തിയെ ഉള്ളു എന്ന വസ്തുത വിസ്മരിച്ച് പോകരുത്.

**ഭവനം ദൈവവചനത്തിന്റെ ആദ്യ അദ്ധ്യാപന കളരി**

ഒരു വ്യക്തിയുടെ ആത്മീയജീവിതം സ്വതസിദ്ധമായ ഒരു വസ്തുതയല്ല. ആത്മീയരായ മാതാപിതാക്കളാൽ ജനിച്ചു എന്നുള്ളതുകൊണ്ട് ഒരാളും ആത്മീയരായി തീരുന്നില്ല.

ചെറിയ പ്രായത്തിൽ കുഞ്ഞുങ്ങളിൽ ദൈവവചനം പകർന്നു നൽകേണ്ടതും ആത്മീയ ജീവിതത്തിൽ വളർത്തിയെടുക്കേണ്ടതും മാതാപിതാക്കളുടെ കൂട്ടായ ഉത്തരവാദിത്വമാണ്. ഇളംപ്രായത്തിൽ ദൈവവചനത്തിലും ആത്മീയ ജീവിതത്തിലും വളർന്നു വന്നിട്ടുള്ളവർ ഏതു വ്യത്യസ്ത സാഹചര്യത്തിൽ പോയാലും വഴിതെറ്റി പോകുവാൻ സാധ്യത കുറവാണ്. ഭവനമാകുന്ന അദ്ധ്യാപനകളരിയിൽ നിരന്തരമായ ആത്മീക-ധാർമ്മീക അഭ്യസനമാണ് ഒരു വ്യക്തിയെ ദൈവവുമായുള്ള ബന്ധത്തിൽ ഊട്ടിഉറപ്പിക്കുന്നത്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിക്കുവാനാണ് ദൈവവചനം നൽകുന്ന ഉപദേശം. ഇന്ന് പാപത്തിന്റെ വഴിയിൽ നടക്കുവാൻ സാദ്ധ്യതയുള്ള തലമുറയെ ദൈവീക പാതയിൽ അഭ്യസിപ്പിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. എന്നാൽ തങ്ങളുടെ ഉത്തരവാദിത്വത്തെ അവഗണിക്കുന്ന മാതാപിതാക്കൾ ഇതിലൂടെ അപകടകരമായ ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നത്. ദൈവീക പന്ഥാവിൽ ജീവിച്ച് മുന്നേറുവാനാവശ്യമായ സാഹചര്യങ്ങൾ നമ്മുടെ തലമുറയ്ക്ക് ലഭ്യമാകണം.

**ഭവനപ്രാർത്ഥനകൾ ആത്മീയജീവിതത്തിന് അനിവാര്യം**

തിരക്കേറിയ ജീവിതത്തിൽ കുടുംബപ്രാർത്ഥനകൾക്ക് ഒട്ടും സ്ഥാനമില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. മാത്രമല്ല കുടുംബപ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ച് ഇന്നത്തെ തലമുറ ഒട്ടും ബോധവാന്മാരല്ല എന്നത് വസ്തുതാപരമാണ്. പരീക്ഷയ്ക്കുവേണ്ടി തയ്യാറാകുന്ന മകളും മൊബൈൽ ഫോൺ ചെവിയിൽ തിരുകി നടക്കുന്ന മകനും സീരിയലിന്റെ മുൻപിൽ നിന്ന് മാറുവാൻ കൂട്ടാക്കാത്ത മാതാവും രാത്രി പത്തുമണി കഴിഞ്ഞ് വീട്ടിൽ തിരികെയെത്തുന്ന പിതാവും ഉള്ള ഭവനത്തിൽ പ്രാർത്ഥന നടക്കുവാൻ എപ്പോഴാണ് സമയം? ക്രിസ്തീയ ഭവനങ്ങളിലെ പ്രഭാത-സന്ധ്യാ പ്രാർത്ഥനകൾ ഒരിക്കലും ഒഴിവാക്കുവാൻ കഴിയാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. പ്രാർത്ഥിച്ചില്ലായെങ്കിൽ കുഞ്ഞുങ്ങൾക്ക് ഭക്ഷണം പോലും കൊടുക്കില്ല എന്ന സാഹചര്യം ഒരുകാലത്തുണ്ടായിരുന്നു. ഒരുനേരം പ്രാർത്ഥിക്കുന്നത് കേട്ടില്ലായെങ്കിൽ അക്രൈസ്തവരായ അയൽക്കാർ ചോദിക്കുമായിരുന്നു. എന്നാൽ വല്ലപ്പോഴും കേൾക്കുന്ന പ്രാർത്ഥനകൾ മറ്റുള്ളവർക്ക് അപരിചിതമായി തോന്നിയാൽ എന്താണ് തെറ്റ്?

ദൈവവിഷയമായി സമ്പന്നരാകാനുള്ള ആഗ്രഹത്തേക്കാൾ ലോകപരമായ ഉയർച്ചയ്ക്ക് ശ്രമിക്കുന്നവർ പുറംകാലുകൊണ്ട് തള്ളിക്കളയുന്നത് തലമുറയുടെ ദൈവീകതയും ആത്മീകതയുമാണ്. ആത്മീയ ജീവിതത്തിൽ നിന്നകന്ന് തെറ്റിലേക്കും തകർച്ചയിലേക്കും നിലംപതിക്കുന്ന തലമുറയെ ഓർത്ത് ദുഃഖിക്കുന്ന മാതാപിതാക്കൾ സ്വയം ചോദിക്കേണ്ട ചോദ്യമാണ്– തലമുറയുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് എന്തു നൽകി എന്നുള്ളത്. കുടുംബ പ്രാർത്ഥനയ്ക്ക് പങ്കെടുക്കാതെ ട്യൂഷനും എൻട്രൻസ് കോച്ചിംഗിനും പറഞ്ഞയ്ക്കുന്നവർ തലമുറയെ നാശത്തിലേക്ക് തള്ളിവിടുകയാണ്.

ഒരു കാര്യം ഓർക്കുക - കുടുംബ പ്രാർത്ഥനകൾ ഉയർന്നു കേട്ടിട്ടുള്ള കുടുംബങ്ങളിലെ തലമുറകൾ ആത്മീയ ജീവിതത്തിലും ഭാവി ജീവിതത്തിലും വളർച്ച നേടിയെടുത്തിട്ടുണ്ട്. അനുഗ്രഹീതമായ സഭകളുണ്ടാകണമെങ്കിൽ അനുഗ്രഹീതമായ കുടുംബങ്ങൾ ഉടലെടുക്കണം. കുടുംബങ്ങൾ രൂപപ്പെടണമെങ്കിൽ, ആ കുടുംബത്തിൽ കുടുംബപ്രാർത്ഥനയും ദൈവീക ബന്ധവും ഉണ്ടായിരിക്കണം. അതേ! നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥനകൾ ഉയരട്ടെ. തലമുറകൾ അനുഗ്രഹീതരായി മാറട്ടെ!